**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - തൃശ്ശൂർ ജില്ലയിലെ അടാട്ട് ഗ്രാമപഞ്ചായത്തിലെ ക്ളാർക്ക് ശ്രീ. നിധിൻ. വി.ഐ യ്ക്ക് പഠനാവശ്യത്തിനായി ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശസ്വയംഭരണ(ഇപിഎ)വകുപ്പ്**

സ.ഉ(സാധാ) നമ്പർ.1242/2017/തസ്വഭവ | തിരുവനന്തപുരം, തീയതി.19/04/2017

---

പരാമർശം: 1) ശ്രീ. നിധിൻ.വി.ഐ യുടെ 16.12.2016 ലെ ശൂന്യവേതനാവധിയപേക്ഷ.

2) പഞ്ചായത്ത് ഡയറക്ടറുടെ 27.01.2017 ലെ ഇ 6-1172/17 നമ്പർ കത്ത്

**ഉത്തരവ്**

തൃശ്ശൂർ ജില്ലയിലെ അടാട്ട് ഗ്രാമപഞ്ചായത്തിലെ ക്ളാർക്ക് ശ്രീ. നിധിൻ. വി.ഐ യ്ക്ക് കോഴിക്കോട് സർവ്വകലാശാലയ്ക്ക് കീഴിലെ തൃശ്ശൂർ സെന്റ് തോമസ് കോളേജിലെ ബാച്ചിലർ ഓഫ് മൾട്ടിമീഡിയ കോഴ്സ് (2015-2018) പൂർത്തിയാക്കുന്നതിലേക്ക് ശൂന്യവേതനാവധി അനുവദിക്കണമെന്നാവശ്യപ്പെട്ട് പരാമർശം 1 പ്രകാരം സമർപ്പിച്ച അവധിയപേക്ഷ പരാമർശം 2 പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചു.

2. ശ്രീ. നിധിൻ. വി.ഐ ആശ്രിത നിയമന പദ്ധതി പ്രകാരം 04.11.2016 ൽ ക്ലാർക്ക് തസ്തികയിൽ സേവനത്തിൽ പ്രവേശിച്ചു. ടിയാൾക്ക് കോഴിക്കോട് സർവ്വകലാശാലയ്ക്ക് കീഴിലെ തൃശ്ശൂർ സെന്റ് തോമസ് കോളേജിൽ ബാച്ചിലർ ഓഫ് മൾട്ടിമീഡിയ കോഴ്സ് (2015-2018) പൂർത്തിയാക്കുന്നതിലേക്കായി 01.01.2017 മുതൽ 30.04.2018 വരേക്കാണ് അപേക്ഷിച്ചിട്ടുള്ളത്. തൃശ്ശൂർ സെന്റ് തോമസ് കോളേജ് പ്രിൻസിപ്പൽ നല്കിയ കോഴ്സ് സർട്ടിഫിക്കറ്റും ഹാജരാക്കിയിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തൃശ്ശൂർ ജില്ലയിലെ അടാട്ട് ഗ്രാമപഞ്ചായത്തിലെ ക്ളാർക്ക് ശ്രീ. നിധിൻ. വി.ഐ യ്ക്ക് കോഴിക്കോട് സർവ്വകലാശാലയ്ക്ക് കീഴിലെ തൃശ്ശൂർ സെന്റ് തോമസ് കോളേജിലെ ബാച്ചിലർ ഓഫ് മൾട്ടിമീഡിയ കോഴ്സ് (2015-2018) പൂർത്തിയാക്കുന്നതിലേക്ക് കെ.എസ്. ആർ ഭാഗം 1, അനുബന്ധം XII B യിലെ വ്യവസ്ഥകൾക്കു വിധേയമായി ഉത്തരവ് തീയതിക്ക് ശേഷം അവധിയിൽ പ്രവേശിക്കുന്ന തീയതി മുതൽ 31/03/2018 വരെ ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എസ്.മോഹൻദാസ്**

**ഗവ.ജോയിന്റ് സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ( പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

ശ്രീ. നിധിൻ. വി.ഐ, ക്ളാർക്ക്, അടാട്ട് ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

ധനവകുപ്പിന് ( 03.04.2017 ലെ 75/ആർബി2/17/ധന നമ്പർ കുറിപ്പ് പ്രകാരം)

ഡയറക്ടർ ഐ.കെ.എം ( വെബ്സൈറ്റിൽ പ്രസിദ്ധീകരിയ്ക്കുന്നതിന്)

വെബ് ആൻഡ് ന്യൂ മീഡിയ(I&PRD)

ആഫീസ് പകർപ്പ് / കരുതൽ ഫയൽ( ഇപിഎ 1/32/17/തസ്വഭവ നമ്പർ ഫയൽ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ